(ഡി) മിശ്രവിവാഹിതരായ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സർക്കാർ 50,000 രൂപ ധനസഹായം നൽകുന്നുണ്ട്.

(ഇ) ഇടുക്കി ജില്ലയിൽ ഭൂമി വാങ്ങുന്നതിനായി ലഭിച്ച മിശ്രവിവാഹിതരുടെ നിലവിലുള്ള നിയമപ്രകാരം അർഹരായ 18 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

(എഫ്) നിലവിലുള്ള ഉത്തരവ് പ്രകാരം നിരസിച്ച അപേക്ഷകൾ പരിഗണനാർഹമല്ല

നാടക പരിശീലന കളരി

213 (4799) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരിനാഥൻ:
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം-ഹജ്ജ് കാര്യവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാടക കലയെ പ്രോത്സാഹിപ്പിക്കുന്നതിന് യുവജനങ്ങൾക്കായി നാടക പരിശീലന കളരി നടത്താനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) യുവാക്കളായ നാടക കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിന്റെ തനത് കലയായ നാടകത്തിലേയ്ക്ക് യുവാക്കളെ ആകർഷിപ്പിക്കുന്നതിനും വേണ്ടിയാണ് 'നാടിക' എന്ന പേരിൽ നാടക കലയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി നാടക ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നത്.

(സി) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 'നാടിക' എന്ന പേരിൽ 2 വർഷങ്ങളായി നാടക കളരികൾ സംഘടിപ്പിച്ചുവരുന്നു. ജില്ലാതലങ്ങളിൽ നാടക കലയോട് ആഭിമുഖ്യമുള്ള 15 യുവതീയുവാക്കളെ കണ്ടെത്തി, അവരെ പരിശീലിപ്പിക്കുകയും, അവർ തന്നെ എഴുതി ചിട്ടപ്പെടുത്തി ഒരു നാടകം രൂപപ്പെടുത്തുകയും ഈ നാടകങ്ങൾ സംസ്ഥാന തലത്തിൽ നടക്കുന്ന നാടികയിൽ നാടക ആചാര്യന്മാർക്ക് മുന്നിൽ അവതരിപ്പിച്ച് വിലയിരുത്തലിന് വിധേയമാക്കുകയും ചെയ്യുന്നു. ഈ വർഷം തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വച്ച് 2015 മാർച്ച് 25 മുതൽ 27 വരെ സംസ്ഥാനതല നാടിക നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly